പ്രസ്തുത മേൽനോട്ട സമിതി അവസാനമായി യോഗം ചേർന്നത് 22-6-2015-ൽ ആയിരുന്നു. മേൽനോട്ട സമിതി ചെയർമാൻ മുൻകൂട്ടി അറിയിക്കുന്ന തീയതികളിലാണ് യോഗം ചേരുന്നത്. അടിയന്തരഘട്ടങ്ങളിൽ; മേൽനോട്ട സമിതിയുടെ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കാൻ കേരളത്തിന്റെ പ്രതിനിധി മേൽനോട്ട സമിതി ചെയർമാനോട് അഭ്യർത്ഥിക്കാറുണ്ട്. ഈ കാലവർഷത്തിന് മുമ്പായി മീറ്റിംഗ് കൂടുവാൻ കേരളം രണ്ടു പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജലവിഭവ (ഐ. എസ്. ഡബ്ല്യു.സി.) വകുപ്പിലാണ് മുല്ലപ്പെരിയാർ വിഷയം കൈകാര്യം ചെയ്യുവരുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ സെക്ഷനിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ lock and key സംവിധാനമുള്ള അലമാരകളിൽ ഭദ്രമായി സൂക്ഷിച്ചുവരുന്നു. ഫയലുകൾ ഭദ്രമായും രഹസ്യമായും സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ (പൊതുഭരണ വകുപ്പുമായി കൂടിയാലോചിച്ച്) തുടർന്നുവരുന്നു.

(ഡി) ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ച് സുപ്രീംകോടതിയെ സമീപിക്കാൻ തമിഴ്നാട് നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 7-5-2014-ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയായി ഉയർത്താനാണ് ബഹു. സുപ്രീംകോടതി അനുവാദം നൽകിയിട്ടുള്ളത്. ഡാമിന്റെ പരിപാലനം നടത്തുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും കേരളത്തിന്റെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടാകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് 9-4-2015-ൽ ബഹു. സുപ്രീംകോടതിയിൽ ഒരു ഇടക്കാല ഹർജി ഫയൽ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാടിന്റെ ഇടക്കാല ഹർജിയിന്മേൽ ആവശ്യമായ തുടർ നിയമ നടപടികൾ ബന്ധപ്പെട്ട നിയമവിദഗ്ധരുമായി കൂടിയാലോചിച്ചു സ്വീകരിച്ചു വരുന്നു.

ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി

20 (*80) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ എത്തുന്ന സാധാരണക്കാർ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെത്തട്ടിലുള്ള ആശുപത്രികളിൽ മാത്രമല്ല, മെഡിക്കൽ കോളേജുകളിൽപോലും അത്യാവശ്യ രോഗനിർണ്ണയ പരിശോധനയ്ക്കായി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡോക്ടർമാരിൽ ചെറുതല്ലാത്ത ഒരു വിഭാഗം നിശ്ചിത സ്വകാര്യ ലാബുകളിൽത്തന്നെ പരിശോധിക്കണമെന്ന് രോഗികളോട് ആവശ്യപ്പെട്ട് സർക്കാർ ആശുപത്രികളിലെ സൗകര്യമില്ലായ്മ പണസമ്പാദനത്തിനുള്ള മാർഗ്ഗമാക്കി മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സാഹചര്യത്തിന് അറുതി വരുത്താൻ പ്രാഥമികാരോഗ്യ കേന്ദ്രം മുതലുള്ള സർക്കാർ ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മറ്റ് താലൂക്ക് ആശുപത്രികൾ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ എന്നിവിടങ്ങളിലും ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലാബുകൾ തുടങ്ങിയിട്ടില്ല. ലബോറട്ടറികൾ ഇല്ലാത്ത പി. എച്ച്. സി., സി. എച്ച്. സി.-കളിൽ അവ ഘട്ടംഘട്ടമായി തുടങ്ങുന്നതിനുള്ള നടപടി എൻ.ആർ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രി ലബോറട്ടറികളുടേയും, പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെയും, സി.എച്ച്.സി ലാബുകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, കൂടുതൽ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സാമ്പത്തികസഹായത്തോടെ മുൻവർഷങ്ങളിൽ ലബോറട്ടറികൾ ശക്തിപ്പെടുത്തുകയുണ്ടായി. എങ്കിലും എല്ലാവിധ ലബോറട്ടറി പരിശോധനകൾക്കും ഗവ. ആശുപത്രി ലാബുകൾ സജ്ജമാണെന്ന് പറയാനാവില്ല. സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരാറുണ്ട്. ആർ.എസ്.ബി.വൈ., ഇൻഷ്വറൻസ്, ആരോഗ്യകിരണം, ടൈബൽ ഹെൽത്ത് ഇൻഷ്വറൻസ് തുടങ്ങിയ സ്കീമുകളിൽപ്പെടുത്താൻ കഴിയുന്നവർക്ക് സ്വകാര്യ ലാബുകളുടെ പരിശോധനാച്ചെലവുകൾ ഇതിൽ ഉൾപ്പെടുത്തി സൗജന്യമായി ലഭ്യമാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാവശ്യ രോഗനിർണ്ണയത്തിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എല്ലാ രോഗികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. അവശ്യ ഘട്ടങ്ങളിൽ ജെ.എസ്.എസ്.കെ./ആർ.എസ്.ബി.വൈ. തുടങ്ങിയ പദ്ധതി പ്രകാരം എംപാനൽ ചെയ്ത് ലാബുകളിലേക്ക് രോഗികളെ അയയ്ക്കുകയും അതിന്റെ ചെലവ് പദ്ധതിയിൽ നിന്ന് നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ മാത്രമാണ് മേൽപ്പറഞ്ഞരീതിയിൽ ചെയ്തുവരുന്നത്.

(സി) മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല ഇത്തരം കാര്യങ്ങൾ മാധ്യമവാർത്തകളിൽ ശ്രദ്ധയിൽപ്പെട്ടതായി കാണുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട പരാതികൾ വകുപ്പിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ഡി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും എൻ.എച്ച്.എം. മുഖേന ലാബുകൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 500 പ്രാഥമിക ആരോഗ്യ / സാമൂഹിക ആരോഗ്യ കേന്ദ്രങ്ങിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ലാബിന് ആവശ്യമായ തുകയുടെ 20% അതത് പഞ്ചായത്തും 80% ദേശീയ ആരോഗ്യ ദൗത്യവും വഹിക്കുന്നു. കേരള ജനതയ്ക്ക് കുറഞ്ഞചെലവിൽ കൃത്യമായ രോഗനിർണ്ണയം പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ചാണ് ലാബ് അംഗീകരിക്കുന്നത് :

1. ഒരു ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി തുകയുടെ 20% ചെലവ് അതത് പഞ്ചായത്തുകൾ വഹിക്കാമെന്ന് കമ്മിറ്റി തീരുമാനം.

2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നുതന്നെ വഹിക്കാമെന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനം.

3. ലാബിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങിൽ ഏറ്റവും കുറഞ്ഞ പ്രതിദിന ഒ.പി.100 പേർ എത്തുന്ന സ്ഥാപനം ആയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടുള്ള 249 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ 100-ഓളം കേന്ദ്രങ്ങളിൽ ലാബുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ട്.

കടിവെള്ള പദ്ധതികൾ

21 (*81) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) എല്ലാ നഗരസഭകളിലും കോർപ്പറേഷൻ അതിർത്തിയിലുള്ള കടലോര മേഖലകളിലും ജപ്പാൻ കുടിവെള്ളപദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ പദ്ധതിയുടെ നിർമ്മാണ സമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗികതലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കി വരുന്നു. ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള പദ്ധതികൾക്ക് പുറമേ താഴെപ്പറയുന്ന 3 പ്രൊപ്പോസലുകൾ ജിക്ക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. കോട്ടയം മുനിസിപ്പാലിറ്റി ശുദ്ധജല വിപുലീകരണം -180 കോടി രൂപ
2. കൊച്ചി ശുദ്ധജല വിതരണപദ്ധതി (വിതരണശൃംഖലയുടെ വിപുലീകരണം ഉൾപ്പെടെ) - 967 കോടി രൂപ
3. നീലേശ്വരം - കാഞ്ഞങ്ങാട് ശുദ്ധജല വിതരണ പദ്ധതി - 100 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly